/561510/2023

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം

തൈക്കാട്, തിരുവനന്തപുരം - 14

Email: director.ims@kerala.gov.in Phone: 0471-2323960 Website: www.ims.kerala.gov.in

വിഷയം: ഐ എം എസ് വകുപ്പ് -നേഴ്സിങ് ഓഫീസർ ശ്രീമതി

പി.വി.ഷീലക്കെതിരേയുള്ള അച്ചടക്ക നടപടി-സർവീസിൽ നിന്നും നീക്കം

ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :1. ഇതേ നമ്പർ കുറ്റപത്രം,തീയതി,24/12/2022.

2. ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ് ,തീയതി.23/08/2023.

3. No.RO/02364/12/2023/I&PRD/Tvm/Dated.06/10/2023.

## ഉത്തരവ് നം.:D3-4460/2022/DIMS/തീയതി : 18-11-2023

ഒളരിക്കര ഇ എസ് ഐ ആശുപത്രിയിൽ ജോലിയിലിരിക്കേ വിദേശത്തു ജോലി ചെയ്യുന്നതിനായി 10/07/2007മുതൽ ശൂന്യ വേതന അവധിയിൽ പ്രവേശിച്ച നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-II) ശ്രീമതി.പി.വി.ഷീല ലീവിന് ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാഞ്ഞതിനാൽ ടി ജീവനക്കാരിയ്ക്കെതിരേ അച്ചടക്ക നടപടികൾ ആരംഭിക്കുകയും മേൽസൂചന (1) പ്രകാരം കുറ്റപത്രം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

താഴെപ്പറയുന്ന കുറ്റങ്ങൾ ചുമത്തിയാണ് ശ്രീമതി.പി.വി.ഷീലയ്ക്ക് കുറ്റപത്രം നല്കുകയുണ്ടായത് :-

1. 10/07/2007 മുതൽ 09/07/2012 വരെ KSR Part Iഅനുബന്ധം XII A പ്രകാരം ശൂന്യ വേതന അവധി അനുവദിക്കുകയും , 10/07/2012 മുതൽ 09/07/2017 വരെയും 10/07/2017 മുതൽ 09/07/2022 വരെയും ടി അവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തതിനു ശേഷം 10/07/2022 ന് തിരികേ ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്നുവെങ്കിലും നാളിതുവരെ ജോലിയിൽ പ്രവേശിക്കുകയോ, ജോലിയിൽ പ്രവേശിക്കാതിരുന്നതിന് കാരണം ബോധിപ്പിക്കുകയോ ചെയ്യുകയുണ്ടായില്ല. ആകയാൽ കെ.എസ്.ആർ. ഭാഗം 1 അപ്പൻഡിക്സ് XII A(9) പ്രകാരം സർവീസിൽ നിന്നും നീക്കം ചെയ്യപ്പെടാവുന്ന ഗുരുതര അച്ചടക്ക ലംഘനം നടത്തി.

2. 10/ 07 / 2007 മുതൽ ശൂന്യ വേതന അവധിയ്ക്ക് ശേഷം തിരികേ ജോലിയിൽ പ്രവേശിക്കാത്തതിനാൽ KSR പ്രകാരവുമുള്ള അച്ചടക്ക ലംഘനങ്ങൾ നടത്തിയതിനു പുറമേ ലീവ് അനുവദിക്കുന്നതിലേക്കായി സമർപ്പിച്ച ബോണ്ടിലെ വ്യവസ്ഥകളും ലംഘിച്ചിരിക്കുന്നു .

ശ്രീമതി.പി.വി.ഷീല വിദേശത്ത് ജോലി ചെയ്യുന്നതിനായി ശൂന്യ വേതന അവധിയ്ക്ക് സമർപ്പിച്ച ലീവ് അപേക്ഷയിലെ വിലാസത്തിൽ അയച്ച ടി കുറ്റപത്രം കൈപ്പറ്റിയതായി Acknowledgement Card തിരികെ ലഭിച്ചുവെങ്കിലും ടി ജീവനക്കാരി പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായില്ല. 10/07/2007 മുതൽ 09/07/2012 വരെ KSR Part Iഅനുബന്ധം XII A പ്രകാരം ശൂന്യ വേതന അവധി അനുവദിക്കുകയും , 10/07/2012 മുതൽ 09/07/2017 വരെയും 10/07/2017 മുതൽ 09/07/2022 വരെയും ടി അവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തതിനു ശേഷം 10/07/2022 ന് തിരികേ ജോലിയിൽ പ്രവേശിക്കേണ്ട ശ്രീമതി.പി.വി.ഷീല നിലവിലും ഇന്ത്യയ്ക്ക് പുറത്തു തന്നെയായതിനാൽ KSR Part I അനുബന്ധം XII A ലെ വ്യവസ്ഥകൾക്ക് പുറമെ ശൂന്യ വേതന അവധി അനുവദിക്കുന്നതിനായി സമർപ്പിച്ച ബോണ്ടിലെ വ്യവസ്ഥകളും ലംഘിച്ചിരിക്കുന്നു. KSR Part Iഅനുബന്ധം XII A പ്രകാരം അനുവദിച്ച ശൂന്യ വേതന അവധി തീരുന്ന മുറയ്ക്ക് ഇന്ത്യയിൽ മടങ്ങിയെത്തി

തിരികേ ജോലിയിൽ പ്രവേശിക്കാത്ത ജീവനക്കാരെ KCS(C C & A) Rules 1960 ലെ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് കെ.എസ്.ആർ. ഭാഗം 1 അപ്പന്റിക്സ് XII A(9) ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.ടി സാഹചര്യത്തിൽ ശ്രീമതി.പി.വി.ഷീലയെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിക്കുകയും,ടി വിവരമറിയിച്ചുകൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും ടി ജീവനക്കാരിയുടെ മേൽവിലാസത്തിൽ Registered Post ആയി അയക്കുകയും ചെയ്തിരുന്നു. എന്നാൽ ടി തപാൽ ,ശ്രീമതി പി.വി.ഷീല ഇൻഡ്യാ രാജ്യം വിട്ട് പോയി എന്ന് രേഖപ്പെടുത്തി പോസ്റ്റൽ വകുപ്പ് തിരികെ ലഭ്യമാക്കുകയുണ്ടായി. തുടർന്ന് ടി കാരണം കാണിക്കൽ നോട്ടീസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വിവരം അറിയിച്ചുകൊണ്ട് പത്ര പരസ്യം നൽകുന്നതിനായി ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ,ആയത് പത്രങ്ങളിൽ പ്രസിദ്ധീകരണത്തിന് നൽകിയതായി മേൽസൂചന(3) പ്രകാരം അറിയിക്കുകയും ചെയ്തിരുന്നു.എന്നാൽ ഇതിനെ തുടർന്നും ടി പി.വി.ഷീലയുടെ പ്രതികരണം ലഭിക്കുകയുണ്ടായില്ല.

ആയതിനാൽ ഒളരിക്കര ഇ എസ് ഐ ആശുപത്രിയിൽ ജോലിയിലിരിക്കേ വിദേശത്തു ജോലി ചെയ്യുന്നതിനായി 10/07/2007 മുതൽ അവധിയിൽ പ്രവേശിക്കുകയും 10/07/2012 മുതൽ 09/07/2017 വരെയും 10/07/2017 മുതൽ 09/07/2022 വരെയും ടി അവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തതിനു ശേഷം,ലീവ് കാലാവധി കഴിഞ്ഞു 10/07/2022 ന് ഇന്ത്യയിൽ മടങ്ങിയെത്തി തിരികേ ജോലിയിൽ പ്രവേശിക്കേണ്ട ശ്രീമതി.പി.വി.ഷീല, ജോലിയിൽ തിരികേ പ്രവേശിക്കാത്തതിനാൽ ടി ജീവനക്കാരിയെ, 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ റൂൾ 11 (vii) പ്രകാരം അച്ചടക്ക നടപടിയുടെ ഭാഗമായി 10/07/2007 പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Malini S
Date: 18-11-2023 10:28:20

ഡോ. മാലിനി. എസ്
ഡയറക്ടർ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്

സ്വീകർത്താവ്

Smt.Sheela.P.V
Panengadan House
Manakode.P.O
Thrissur .Pin-680017 (Through Registered Post with A/D)

പകർപ്പ്:-

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, മദ്ധ്യ മേഖല , എറണാകുളം.
2. സൂപ്രണ്ട് ,ഇ എസ് ഐ ആശുപത്രി ,ഒളരിക്കര
3. ഇ5 സെക്ഷൻ. 4. website/E mail. 5. ഫയൽ/സ്റ്റോക്ക് ഫയൽ.